# പോപ്പറും മാർക്സും

**കോശി തരകൻ**

കാൾ പോപ്പർ മാർക്സിസത്തെ വിമർശിക്കുന്നത് അതിന്റെ ചരിത്രവാദ(Historicist)പരമായ നിലപാടുകളെ മുൻനിർത്തിയാണ്. ചരിത്രവാദം എന്നതുകൊണ്ട് പോപ്പർ വിവക്ഷിക്കുന്നത് ചില സാമാന്യനിയമങ്ങൾക്ക് വിധേയമായി ചരിത്രം ഒരു പ്രത്യേക രീതിയിൽ പുരോഗമിക്കുന്നു എന്ന സിദ്ധാന്തത്തെയാണ്. ശാസ്ത്രീയ നിയമങ്ങളെക്കുറിച്ചും പ്രവചനങ്ങളുടെ സ്വഭാവത്തെക്കുറിച്ചും തെറ്റായ ധാരണകൾ വച്ചുപുലർത്തിയതുകൊണ്ടാണ് മാർക്സ് ചരിത്രവാദത്തിൽ എത്തിച്ചേർന്നതെന്ന് പോപ്പർ കരുതുന്നു. തുറന്ന സമൂഹവും അതിന്റെ എതിരാളികളും (Open Society and its Enemies) എന്ന പുസ്തകത്തിൽ പോപ്പർ പറയുന്നത് ഭൗതികവാദത്തിലൂന്നിയ മാർക്സിന്റെ ചരിത്രവ്യാഖ്യാനങ്ങളെ, അവ വിലപ്പെട്ടതാണെങ്കിൽക്കൂടിയും, നാം ഗൗരവമായി പരിഗണിക്കരുതെന്നാണ്. അവയെ മൂല്യവത്തായ ചില ശുപാർശകൾ മാത്രമായി കരുതിയാൽ മതി. അല്ലാതെ, ശാസ്ത്രീയസിദ്ധാന്തത്തിന്റെ ഗണത്തിൽ അവയെ ഉൾപ്പെടുത്തിക്കൂടാ. ചരിത്രപരമായ ഭൗതികവാദം ഒരു കപടശാസ്ത്രമാണ്. കാരണം അത് പ്രമാദവത്ക്കരണക്ഷമമല്ല. പ്രമാദവല്ക്കരണക്ഷമത (Falsiability) എന്ന ആശയം പോപ്പർ അവതരിപ്പിക്കുന്നത് ഒരു സിദ്ധാന്തം ശാസ്ത്രീയമാണോ എന്നു തിരിച്ചറിയാനുള്ള അളവുകോൽ എന്ന നിലയിലാണ്. ചുരുക്കിപ്പറഞ്ഞാൽ, ഏതൊക്കെ അവസ്ഥകളിലാണോ ഒരു സിദ്ധാന്തം തെറ്റാണെന്നു തെളിയിക്കപ്പെടുക ആ അവസ്ഥകളെപ്പറ്റിയുള്ള സൂചനകൾ പ്രസ്തുത സിദ്ധാന്തത്തിൽനിന്ന് ലഭ്യമല്ലെങ്കിൽ അതിന് പ്രമാദവല്ക്കരണക്ഷമത ഇല്ല.

ഇവിടെ മൊഴിമാറ്റം ചെയ്യുന്നത് പോപ്പറുടെ, തുറന്ന സമൂഹവും അതിന്റെ എതിരാളികളും എന്ന പുസ്തകത്തിലെ രണ്ടാം വാല്യത്തിലെ ഇരുപത്തൊന്നാം അധ്യായമാണ്. പരമാവധി പോപ്പറുടെ രചനാരീതിയുടെ നീതി പുലർത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ചിലയിടങ്ങളിൽ കൂടുതൽ ആശയവ്യക്തതക്ക് മുൻഗണന നൽകിയിട്ടുണ്ട്.

# പ്രവചനം: ഒരു വിലയിരുത്തൽ

**കാൾ പോപ്പർ**

മാർക്സിന്റെ ചരിത്രസംബന്ധിയായ പ്രവചനങ്ങൾക്ക് അടിസ്ഥാനമായി നിൽക്കുന്ന വാദങ്ങൾ അസാധുവാണ്. സമകാലിക സാമ്പത്തിക പ്രവണതകളെക്കുറിച്ചുള്ള നിരീക്ഷണങ്ങളിൽനിന്ന് മാർക്സ് എത്തിച്ചേർന്ന പ്രവചനാത്മകമായ നിഗമനങ്ങളെല്ലാം പരാജയപ്പെട്ടു. വാദത്തിന്റെ ആനുഭവികമായ അടിസ്ഥാനം അപര്യാപ്തമായതല്ല പരാജയത്തിന്റെ കാരണം. മാർക്സിന്റെ സാമൂഹ്യശാസ്ത്രപരവും സാമ്പത്തികവുമായ വിശകലനം, അതെത്രകണ്ട് ഏകപക്ഷീയവും പക്ഷപാതപരവും ആയിരുന്നെങ്കിലും, വിവരണാത്മകം എന്ന നിലയിൽ ഉത്കൃഷ്ടമായിരുന്നു. പ്രവാചകൻ എന്ന നിലയിലുള്ള മാർക്സിന്റെ പരാജയം കുടികൊള്ളുന്നത് ചരിത്രവാദത്തിന്റെ ദാരിദ്ര്യത്തിലാണ്. ചരിത്രത്തിന്റെ പ്രവണതയായി ഇന്നു നമ്മൾ കരുതുന്നവ നാളെയും അതുപോലെ തുടരുമെന്ന് നിസ്സംശയം പറയുവാൻ നമുക്കു സാധിക്കുകയില്ലെന്ന ലളിതമായ വസ്തുതയാണ് പ്രവചനങ്ങളെ പരാജയപ്പെടുത്തുന്നത്.

പല വസ്തുതകളെയും മാർക്സ് ശരിയായാണ് വിലയിരുത്തിയതെന്ന് അംഗീകരിച്ചേ പറ്റൂ. മൂലധനവ്യവസ്ഥയുടെ കടിഞ്ഞാണില്ലാത്ത യാത്ര എക്കാലവും തുടരുമെന്ന അതിന്റെ അനുഭാവികളുടെ പ്രതീക്ഷ അസ്ഥാനത്താണെന്നുള്ള ഒറ്റ കാരണം മാത്രം മതിയാവും മുതലാളിത്തത്തിന് അധികനാൾ തുടരാനാവില്ലെന്ന പ്രവചനം ശരിയായിരുന്നുവെന്നു കരുതാൻ. ഒരു പുതിയ സാമ്പത്തികവ്യവസ്ഥ മുതലാളിത്തത്തെ ഉടച്ചുവാർക്കുന്ന പ്രക്രിയയുടെ ചാലകശക്തി വർഗ്ഗസമരം, അതായത്, തൊഴിലാളികളുടെ സംഘാടനം ആണ് എന്ന മാർക്സിന്റെ കാഴ്ചപ്പാടും ശരിതന്നെ. എന്നാൽ, മാർക്സ് ആ പുതിയ വ്യവസ്ഥയെ പ്രവചനാത്മകമായി മുൻകൂട്ടിക്കണ്ടു എന്നു കരുതേണ്ടതില്ല. അതായത്,

ഇന്റർവെൻഷനിസം (Interventionism)[1] അഥവാ സോഷ്യലിസം എന്തായിരിക്കുമെന്ന് മാർക്സ് പ്രവചിച്ചിട്ടില്ല. സോഷ്യലിസം എന്നദ്ദേഹം വിശേഷിപ്പിച്ച വ്യവസ്ഥ ഇന്റർവെൻഷനിസത്തിന്റെ ഏതു രൂപത്തിൽനിന്നും, എന്തിന് അതിന്റെ റഷ്യൻ രൂപമാതൃകയിൽനിന്നും വിഭിന്നമായിരുന്നു. സ്റ്റേറ്റിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാധീനം കുറഞ്ഞുവരുമെന്ന് മാർക്സ് കരുതിയപ്പോൾ, വാസ്തവത്തിൽ ഇന്റർവെൻഷനിസം അതിന്റെ സ്വാധീനത്തെ എല്ലാ മേഖലകളിലേക്കും വ്യാപരിപ്പിക്കുകയാണ് ചെയ്തത്.

മാർക്സിനെ ഞാൻ വിമർശിക്കുന്നതുകൊണ്ടും ഒരു പരിധിവരെ ജനാധിപത്യാധിഷ്ഠിതമായ അല്ലറ ചില്ലറ ഇടപെടലുകളെ (പ്രത്യേകിച്ചും സ്ഥാപനാധിഷ്ഠിതമായ ഇടപെടൽ വ്യവസ്ഥിതിയെ (institutional interventinism) അദ്ധ്യായം 17, ഭാഗം 7 ൽ വിവരിച്ച പ്രകാരം) പുകഴ്ത്തുന്നതു കൊണ്ടും ഒരു കാര്യം വ്യക്തമാക്കട്ടെ – സ്റ്റേറ്റിന്റെ സ്വാധീനം കുറഞ്ഞുവരുമെന്നുള്ള മാർക്സിന്റെ പ്രത്യാശയോട് എനിക്ക് അനുഭാവമുണ്ട്. സ്റ്റേറ്റിന്റെ അധികാരവും ഉദ്യോഗസ്ഥ മേധാവിത്വവും വർദ്ധിക്കുമെന്നുള്ളതാണ് ഇന്റർവെൻഷനിസത്തിന്റെ, പ്രത്യേകിച്ചും നേരിട്ടുള്ള ഇടപെടലിന്റെ ഏറ്റവും വലിയ അപകടം. ഇടപെടൽ വ്യവസ്ഥിതിയുടെ പല വക്താക്കളും ഈ അപകട സാധ്യത കൂട്ടാക്കാറില്ല, അല്ലെങ്കിൽ അതിനു നേരെ അവർ കണ്ണടയ്ക്കും. ഇത് ഈ അപകടത്തെ ഒന്നുകൂടി വർദ്ധമാനമാക്കും. പക്ഷേ ഈ അപകടത്തെ നാം നേരിടുകയാണെങ്കിൽ അതിനെ നമുക്ക് കീഴ്പ്പെടുത്താമെന്ന് ഞാൻ കരുതുന്നു. കാരണം ഇത് സാമൂഹ്യ സാങ്കേതികവിദ്യയുടെയും (social technology) സാമൂഹ്യ ചില്ലറ എഞ്ചിനീയറിംഗിന്റേയും (social piecemeal engineering) മാത്രം പ്രശ്നമാണ്. പക്ഷേ ഇതിനെ ആരംഭദശയിൽ തന്നെ നേരിടണം. അല്ലെങ്കിൽ അത് ജനാധിപത്യത്തെ തന്നെ അപകടത്തിലാക്കും. സുരക്ഷയ്ക്കു മാത്രമല്ല സ്വാതന്ത്ര്യത്തിനു വേണ്ടിയും നാം ആസൂത്രണം നടത്തണം. എന്തെന്നാൽ സ്വാതന്ത്ര്യത്തിനു മാത്രമെ സുരക്ഷയെ ഉറപ്പാക്കാൻ സാധിക്കൂ.

നമുക്ക് വീണ്ടും മാർക്സിന്റെ പ്രവചനത്തിലേക്ക് മടങ്ങാം. താൻ കണ്ടുപിടിച്ചുവെന്ന് മാർക്സ് അവകാശപ്പെടുന്ന ചരിത്രത്തിന്റേതായ പ്രവണത മറ്റെന്തിനേക്കാളും സ്ഥിരസ്വഭാവം പുലർത്തുന്നതാണ്. ഉൽപാദനോപാധികളുടെ സ്വരൂപണത്തിലേക്കും അദ്ധ്വാനത്തിന്റെ ഉൽപാദനക്ഷമതാവർധനയിലേക്കും ചൂണ്ടുന്ന പ്രവണതയെയാണ് ഞാൻ ഇവിടെ വിവക്ഷിക്കുന്നത്. നാഗരികതയെ നാം ഇതേ മട്ടിൽ മുന്നോട്ടു കൊണ്ടുപോകുന്നിടത്തോളം ഈ പ്രവണത തുടരും. പക്ഷെ, മാർക്സ് ഈ പ്രവണതയേയും അതിന്റെ മേൽപ്പറഞ്ഞ മാനങ്ങളെയും മാത്രമല്ല തിരിച്ചറിഞ്ഞത്. അതിൽ അന്തർലീനമായ അപകടസാധ്യതയേയും അദ്ദേഹം തിരിച്ചറിഞ്ഞു. മൂലധനത്തിന്റെ സാധൂകരണവും അതിന്റെ ചരിത്രനിയോഗവും[2] നിലകൊള്ളുന്നത് ഉൽപാദനശക്തികളുടെ വികാസത്തിലാണെന്നു തിരിച്ചറിയുകയും, ആ വികാസവും എറ്റവും വലിയ നശീക

രണപ്രതിഭാസമായ വായ്പാസമ്പ്രദായവും (വ്യാവസായികതയുടെ കുത്തനെയുള്ള ഉയർച്ചയെ, വാണിജ്യചാക്രികതയെ പ്രോത്സാഹിപ്പിച്ച സമ്പ്രദായം) തമ്മിലുള്ള ബന്ധത്തെ കണ്ടെത്തുകയും ചെയ്തു മാർക്സ്. (ഇവിടെയും അദ്ദേഹത്തിന് ചില മുൻഗാമികൾ ഉണ്ടായിരുന്നു. ഉദാഹരണത്തിന്, ഫൂറിയർ[3]).

മാർക്സിന്റെ വാണിജ്യചാക്രികതാസിദ്ധാന്തം (Theory of trade cycle) (കഴിഞ്ഞ അദ്ധ്യായത്തിന്റെ 4-ാം ഭാഗത്ത് ചർച്ച ചെയ്തത്) ഏതാണ്ട് ഇനി പറയുന്നതു പോലെ സംഗ്രഹിക്കാം. സ്വതന്ത്ര കമ്പോളം ഉണ്ടാക്കുകയും, അതിൽ അന്തർലീനമായിരിക്കുന്ന നിയമങ്ങൾ മൂലം, സമ്പൂർണ്ണ തൊഴിലവസരം സൃഷ്ടിക്കും വിധം നീങ്ങുമെന്നത് ശരിവച്ചാൽ തന്നെയും സമ്പൂർണ്ണ തൊഴിലുറപ്പ് കൈവരിക്കുന്നതിനുള്ള ഓരോ നീക്കവും - അതായത് തൊഴിൽ അന്വേഷകരുടെ ലഭ്യത കുറയ്ക്കൽ - മുതലാളികളെയും സാങ്കേതികവിദഗ്ദ്ധരേയും തൊഴിൽ കുറയ്ക്കുവാൻ ഉതകുന്ന പുതിയ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് പ്രേരിപ്പിക്കുകയും, തന്മൂലം ആദ്യം ചെറിയ തോതിൽ തൊഴിലവസരം വർദ്ധിപ്പിക്കുകയും പിന്നീട് തൊഴിലില്ലായ്മയും സാമ്പത്തിക മാന്ദ്യതയും ഉണ്ടാക്കുകയും ചെയ്യും. ഈ സിദ്ധാന്തം എത്രകണ്ട് ശരിയാണെന്ന് എനിക്ക് അറിയില്ല. കഴിഞ്ഞ അദ്ധ്യായത്തിൽ പ്രതിപാദിച്ചപോലെ വാണിജ്യചാക്രികതാസിദ്ധാന്തം ഒരു സങ്കീർണ്ണമായ വിഷയമാണ്. അതുകൊണ്ട് തന്നെ അതിനെക്കുറിച്ച് കൂടുതലൊന്നും പറയാൻ ഞാൻ മുതിരുന്നില്ല. എങ്കിലും ഉത്പാദനക്ഷമതയുടെ വർദ്ധനവ് 'വാണിജ്യ ചക്രത്തെ' സൃഷ്ടിക്കുന്ന ഒരു ഘടകമാണെന്ന മാർക്സിന്റെ വാദം പ്രാധാന്യമർഹിക്കുന്നു. മാർക്സിന്റെ ആ വാദത്തെ അനുകൂലിച്ച് ചില കാര്യങ്ങൾ പറയാൻ എന്നെ അനുവദിക്കുമല്ലോ.

താഴെ കൊടുത്തിരിക്കുന്ന വികസന സാധ്യതകളുടെ പട്ടിക അപൂർണ്ണമാണെങ്കിലും അത് ചില സൂചനകൾ നൽകുന്നു. അധ്വാനത്തിന്റെ ഉൽപാദനക്ഷമത വർധിക്കുമ്പോൾ പട്ടികയിൽ കൊടുത്തിരിക്കുന്നവയിൽ ചിലതെങ്കിലും, ചിലപ്പോൾ പലതും, ഉൽപാദനവർധനവ് തുലനീകരിക്കുന്ന വിധത്തിൽ ഉരുത്തിരിയും.

(A) നിക്ഷേപം വർധിക്കുന്നു. അതായത്, മൂലധനസാമഗ്രികളുടെ ഉൽപാദനം മറ്റു സാമഗ്രികളുടെ ഉൽപാദനത്തിന് ആക്കം കൂട്ടുന്നു. (ഇത് വീണ്ടും ഉൽപാദനവർധനവിലേക്ക് നയിക്കുമ്പോൾ, നിക്ഷേപവർധനവ് മാത്രം അതിന്റെ പരിണതഫലങ്ങളെ ഒരു ദീർഘകാലയളവിൽ സന്തുലനസ്ഥിതിയിൽ എത്തിക്കുകയില്ല)

(B) ഉപഭോഗം വർധിക്കുന്നു-ജീവിതനിലവാരം ഉയരുന്നു:

(a) ഒരു ജനതയുടെ മുഴുവനും;

(b) ഒരു ജനവിഭാഗത്തിന്റെ മാത്രം (ഉദാഹരണത്തിന്, ഒരു പ്രത്യേകവിഭാഗത്തിന്റെ മാത്രം)

(C) അധ്വാനസമയം കുറയുന്നു:

(a) ദിവസേനയുള്ള അധ്വാനസമയം ചുരുങ്ങുന്നു;

(b) വ്യവസായേതര മേഖലയിലെ തൊഴിലാളികളുടെ എണ്ണം വർധിക്കുന്നു. പ്രത്യേകിച്ചും:

(b1) ശാസ്ത്രജ്ഞർ, ഡോക്ടർമാർ, കലാകാരന്മാർ, കച്ചവടക്കാർ എന്നിവരുടെ.

.........................................................................................................................

(b2) തൊഴിൽരഹിതരുടെ എണ്ണം വർധിക്കുന്നു

(D) ചരക്കുകളുടെ ഉൽപാദനം കൂടുന്നു, പക്ഷെ, ഉപഭോഗം കൂടുന്നു.

(a) ഉപഭോഗസാധനങ്ങൾ നശിപ്പിക്കപ്പെടുന്നു

(b) ഉൽപാദനസാമഗ്രികൾ ഉപയോഗശൂന്യമാകുന്നു (വ്യവസായശാലകൾ പ്രവർത്തനരഹിതമാവുന്നു)

(c) ഉപഭോഗസാധനങ്ങൾ അല്ലാത്തവ, ഉദാഹരണത്തിന് ആയുധസാമഗ്രികളും (A) യിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള നിക്ഷേപങ്ങളും മൂലധനസാമഗ്രികളും ഉൽപാദിപ്പിക്കപ്പെടുന്നു.

(d) മൂലധനസാമഗ്രികളുടെ ഉന്മൂലനത്തിനായി അധ്വാനം വിനിയോഗിക്കുന്നു. തന്മൂലം ഉൽപാദനം കുറയുന്നു.

ഈ പട്ടികയിൽ വരയ്ക്കുതാഴെ, അതായത് (C, b1) എന്നതിനു താഴെ പറഞ്ഞിരിക്കുന്നവ പൊതുവെ അഭിലഷണീയമായ കാര്യങ്ങളായി പരിഗണിച്ചുപോരുന്നു. എന്നാൽ, (C, b2) മുതൽ പ്രതിപാദിച്ചിരിക്കുന്നവ ആശാസ്യകരമല്ല. അവ സൂചിപ്പിക്കുന്നത് സാമ്പത്തികമാന്ദ്യത്തേയും യുദ്ധത്തേയും പടക്കോപ്പുകളുടെ നിർമാണത്തേയുമൊക്കെയാണ്.

ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നു: (A) ക്ക് മാത്രം ചരക്കുകളുടെ ഉത്പാദന സന്തുലത ഉറപ്പാക്കുവാൻ കഴിയുകയില്ല. തീർച്ചയായും (A) ഒരു പ്രധാന ഘടകമാണെങ്കിലും മറ്റു ഘടകങ്ങളുടെ വികാസവും ഈ സന്തുലനാവസ്ഥയ്ക്ക് അനിവാര്യമാണ്. തന്നെയുമല്ല, അഭിലഷണീയമായ വികാസങ്ങൾ ഉത്പാദന വർദ്ധനവ് തുലനീകരിക്കുവാൻ ഉതകുന്ന രീതിയിൽ മുന്നേറിയില്ലെങ്കിൽ പല അനഭിമതമായ വികാസങ്ങളും ഉടലെടുക്കും. ഇവയെല്ലാം, ആയുധശേഖരങ്ങളുടെ ഉത്പാദനമൊഴികെ, (A)യുടെ കുത്തനെയുള്ള ഇടിവിന് കാരണമാകുകയും തന്മൂലം ഒരു പ്രതിസന്ധിഘട്ടം ഉളവാക്കുകയും ചെയ്യും.

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ ആയുധവത്ക്കരണത്തെയും യുദ്ധപ്രവണതയേയും വിശദീകരിക്കുന്നില്ലെങ്കിലും അവ തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ സമഗ്രാധിപത്യരാഷ്ട്രങ്ങൾ കൈവരിക്കുന്ന നേട്ടങ്ങളെ വെളിപ്പെടുത്തുന്നു. അതുപോലെതന്നെ ഇവ വാണിജ്യ ചാക്രികത വിശദീകരിക്കുന്നതിന് പര്യാപ്തമല്ലെങ്കിലും അതിന്റെ വിശദീകരണത്തിന് ഉതകുന്ന ചില ഘടകങ്ങളിലേക്ക്, പ്രത്യേകിച്ചും വായ്പയുടെ പ്രശ്നങ്ങളും ധനവും അതിന്റെ വിശദീകരണത്തിൽ വഹിക്കുന്ന പ്രധാന പങ്കിലേക്ക്, വിരൽ ചൂണ്ടുന്നു. ഉദാഹരണത്തിന് (A) യുടെ പരിമിതപ്പെടുത്തൽ മൂലധനം നിക്ഷേപിക്കാതെ സ്വരുക്കൂട്ടി വയ്ക്കുന്ന

പ്രവണതയ്ക്കു സമാനമാകുകയും തന്മൂലം നിക്ഷേപം കുറയ്ക്കുകയും ചെയ്യുന്നു – വളരെ ചർച്ച ചെയ്യപ്പെട്ട പ്രാധാന്യമേറിയ ഒരു ഘടകമാണിത്.[4] ലാഭവിഹിത നിരക്കിൽ കുറവുണ്ടാകുമെന്ന മാർക്സിയൻ തത്വവും (ഈ തത്വത്തിന് സാധുതയുണ്ടെങ്കിൽ[5]) പൂഴ്ത്തിവെപ്പിന് (hoarding) വിശദീകരണം നല്കുന്നതിന് സഹായകമാണ്. ഇത് നിക്ഷേപം നിരുത്സാഹപ്പെടുത്തുന്നതിലേക്കും പൂഴ്ത്തിവയ്ക്കൽ പ്രോത്സാഹിപ്പിക്കുന്നതിലേക്കും തന്മൂലം (A) ചുരുങ്ങുന്നതിലേക്കും എത്തിച്ചേരും.

പക്ഷേ ഇവയൊന്നും തന്നെ 'വാണിജ്യചാക്രികതാ'യെക്കുറിച്ചുള്ള ഒരു സിദ്ധാന്തമായി കണക്കാക്കുവാൻ സാധിക്കില്ല. വാണിജ്യചാക്രികതാ സിദ്ധാന്തത്തിന്റെ പ്രധാന ലക്ഷ്യം എന്തുകൊണ്ട് സ്വതന്ത്രകമ്പോളം, ആവശ്യവും ലഭ്യതയും (Demand and Supply) തുലനീകരിക്കുന്നതിന് അനുയോജ്യമായ ഒരു വ്യവസ്ഥിതി, സാമ്പത്തികമാന്ദ്യം[6] അതായത് അധിക ഉത്പാദനവും ഉപഭോഗ കമ്മിയും, തടയുവാൻ പര്യാപ്തമാകുന്നില്ല എന്നത് വിശദമാക്കുക എന്നതാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, വാങ്ങലും വില്ക്കലും നമ്മുടെ ചെയ്തികളുടെ ഫലമായി വിപണിയിൽ ഉളവാക്കുന്ന അനഭിലഷണീയമായ സാമൂഹ്യ പ്രത്യാഘാതങ്ങളിലൊന്നായി[7] വാണിജ്യചാക്രികതയെ സൃഷ്ടിക്കുന്നു. മാർക്സിന്റെ വാണിജ്യചാക്രികതാസിദ്ധാന്തം ഇതാണ് വിശദമാക്കുവാൻ ശ്രമിക്കുന്നത്. ഉത്പാദന വർദ്ധനവിലേക്ക് നയിക്കുന്നതായി ഇവിടെ പ്രതിപാദിച്ച പൊതു സിദ്ധാന്തം വാണിജ്യചാക്രികതാസിദ്ധാന്തത്തിന്റെ അനുബന്ധമായേ കരുതാനാവൂ.

വാണിജ്യചാക്രികതാ സിദ്ധാന്തത്തിന്റേതായി ഇവിടെ പരാമർശിച്ച ഊഹങ്ങളുടെ മേന്മയെക്കുറിച്ച് വിധി കല്പിക്കുവാൻ ഞാൻ മുതിരുന്നില്ല. പക്ഷേ, ആധുനിക സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ മാർക്സിന്റെ ഈ സിദ്ധാന്തം നിരാകരിക്കപ്പെട്ടാലും അത് വളരെ വിലപ്പെട്ടത് തന്നെയാണെന്ന് ഞാൻ കരുതുന്നു. മാർക്സ് ഈ പ്രശ്നം വളരെ വിശദമായി ചർച്ച ചെയ്തുവെന്നത് തന്നെ അദ്ദേഹത്തിന്റെ മേന്മയായി കരുതണം. മാർക്സിന്റെ പ്രവചനം ഇത്രയുമെങ്കിലും ശരിയായി ഭവിച്ചു:

ഉത്പാദനവർദ്ധനപ്രവണത താല്ക്കാലികമായെങ്കിലും തുടരും. അതിന്റെ തുടർച്ച വിപരീതനടപടികളുടെ ഇടപെടലിന് ആക്കം കൂട്ടുകയും തന്മൂലം സ്വതന്ത്രവിപണിയുടെ നിയന്ത്രണത്തിനു ഇടയാക്കുകയും ചെയ്യും. ഈ ആവിർഭാവം വാണിജ്യചാക്രികത കടിഞ്ഞാണില്ലാത്ത മുതലാളിത്ത വ്യവസ്ഥിതിയുടെ അധഃപതനത്തിനു കാരണമാകുന്ന ഒരു ഘടകമാണെന്ന മാർക്സിന്റെ പ്രവചനം ശരിവെക്കുന്നു. ഇതോടൊപ്പം തന്നെ മാർക്സിന്റെ മറ്റൊരു പ്രവചനവും നമ്മൾ കാണണം – തൊഴിലാളികളുടെ സംഘടിക്കൽ മുതലാളിത്ത വ്യവസ്ഥിതിയെ ഉന്മൂലനം ചെയ്യുന്ന മറ്റൊരു സുപ്രധാന ഘടകമായി ഭവിക്കുമെന്നുള്ളത്.

മേല്പറഞ്ഞ പൊതുവെ സഫലമായ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ, ചരിത്രവാദത്തിന്റെ ദാരിദ്ര്യം എന്ന കാഴ്ചപ്പാട് ന്യായീകരിക്കാനാവുമോ? മാർക്സിന്റെ ചരിത്രസംബന്ധിയായ നിയമങ്ങൾ ഒന്നുംതന്നെ

കർക്കശമായ വികാസനിയമങ്ങളോ മറികടക്കാനാനാവാത്ത ചരിത്രഘട്ടങ്ങളെ സൂചിപ്പിക്കുന്ന നിയമങ്ങളോ അല്ല. ഭാഗികമായെങ്കിലും ശരിയാണെങ്കിൽ തീർച്ചയായും നമുക്ക് അദ്ദേഹത്തിന്റെ സമീപനം തള്ളിക്കളയാനാവില്ല. പക്ഷേ മാർക്സിന്റെ വിജയം സൂക്ഷ്മ വിശകലനത്തിനു വിധേയമാക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രവചനങ്ങളുടെ വിജയത്തിന് അടിസ്ഥാനം ചരിത്രവാദത്തിന്റെ രീതിശാസ്ത്രമല്ല, മറിച്ച് സ്ഥാപനസംബന്ധിയായ വിശകലനമാണ് (institutional analysis) എന്നു കാണാവുന്നതാണ്. മാർക്സ് തന്റെ വാണിജ്യചാക്രികതാ സിദ്ധാന്തത്തിനും അധിക ജനസംഖ്യാവാദത്തിനും (surplus population) അടിസ്ഥാനമായി സ്വീകരിക്കുന്നത് സ്ഥാപനസംബന്ധിയായ വിശകലനമാണ്. അതുപോലെതന്നെ വർഗ്ഗസമര സിദ്ധാന്തവും സ്ഥാപനസംബന്ധിയായ വിശകലനത്തിലാണ് മാർക്സ് ഉറപ്പിക്കുന്നത്. ഈ വിശകലനങ്ങളിലൊന്നും മാർക്സ് ചരിത്രവികാസത്തിന്റെ നിയമങ്ങൾ, അല്ലെങ്കിൽ പ്രവണതകൾ അടിസ്ഥാനമായി സ്വീകരിക്കുന്നില്ല. മാർക്സിന്റെ ചരിത്രപരത നിയമങ്ങൾ ഒന്നുംതന്നെ, കർക്കശമായ വികാസനിയമങ്ങളോ, മറികടക്കാനാവാത്ത ചരിത്രഘട്ടങ്ങളോ വിജയം കൈവരിച്ച പ്രവചനങ്ങളായിട്ടില്ല. സ്ഥാപനസംബന്ധിയായ വിശകലനങ്ങളിലും അവയുടെ ധർമ്മ വിശേഷണത്തിലും മാത്രമെ മാർക്സ് വിജയിച്ചിട്ടുള്ളൂ. അതുപോലെ തന്നെ മാർക്സിന്റെ സമ്പൂർണ്ണ ചരിത്ര പ്രവചനങ്ങൾ ഒന്നുംതന്നെ സ്ഥാപനസംബന്ധിയായ വിശകലനത്തിന്റെ പരിധിയിൽ പെടുത്താവുന്നതുമല്ല. വാസ്തവത്തിൽ മാർക്സിന്റെ ഔന്നത്യമേറിയ ചിന്തകളുമായി താരതമ്യം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ചരിത്ര പ്രവചനങ്ങൾ ബുദ്ധിപരമായി വളരെ താഴ്ന്ന നിലവാരം പുലർത്തുന്നവയാണ്. അവ വെറും മോഹങ്ങളും ഭാവനാരഹിതമായ രാഷ്ട്രീയസങ്കല്പനങ്ങളും മാത്രമാണ്. മാർക്സിന്റെ പുരോഗമനചിന്ത വാസ്തവത്തിൽ അക്കാലഘട്ടത്തിലെ മുതലാളി വർഗ്ഗത്തിന്റെ - പുരോഗമനാശയിയായ വ്യവസായിയുടെ - വിശ്വാസം തന്നെയായിരുന്നു; അതായത് പുരോഗതിയുടെ നിയമങ്ങളിലുള്ള വിശ്വാസം (belief in a law of progress). പക്ഷേ ഹേഗലിന്റേയും കോംതേയുടെയും, മാർക്സിന്റെയും മില്ലിന്റെയും ശുഭാപ്തിവിശ്വാസത്തിൽ അധിഷ്ഠിതമായ ചരിത്രവാദം പ്ലേറ്റോയുടെയും സ്പെൻഗ്ളറുടെയും അശുഭാപ്തി വിശ്വാസത്തിൽ അധിഷ്ഠിതമായ ചരിത്രവാദത്തേക്കാളുംചരിത്രപരതയിലുള്ള ഒട്ടും വ്യത്യസ്തമല്ലാത്ത അന്ധവിശ്വാസം മാത്രമാണ്. ഇത് ചരിത്രസാദ്ധ്യതകളുടെ സങ്കല്പനങ്ങൾക്ക് വിലങ്ങുവയ്ക്കുന്നതുകൊണ്ട് ഒരു പ്രവാചകനെ സംബന്ധിച്ചിടത്തോളം ഈ അന്ധവിശ്വാസം തികച്ചും മോശമായ ഒന്നാണ്. മാനവ കാര്യങ്ങളിൽ എല്ലാം തന്നെ സംഭാവ്യമാണെന്ന വസ്തുത യാതൊരു മുൻവിധിയും കൂടാതെയുള്ള രാഷ്ട്രീയ കാഴ്ചപ്പാടിന്റെ തത്ത്വങ്ങളിലൊന്നായി കരുതേണ്ടതാണ്, പ്രത്യേകിച്ചും സങ്കല്പനസാധുതയുള്ള വികസനങ്ങൾ മാനവപുരോഗതിയുടെ പ്രവണതകൾക്ക് നിരക്കാത്തവയെന്ന് മുദ്രകുത്തി ഒഴിവാക്കാൻ ശ്രമിക്കരുത്. എച്ച്.എ.എൽ ഫിഷർ പറഞ്ഞപോലെ "ചരിത്ര

ത്തിന്റെ താളിൽ വ്യക്തമായും വലിപ്പത്തിലും എഴുതിയിരിക്കുന്ന വാസ്തവമാണ് പുരോഗതി എന്നത്; പക്ഷേ പുരോഗതി ഒരു പ്രകൃതിനിയമം അല്ല. ഒരു തലമുറ കൈവരിച്ച നേട്ടം അടുത്ത തലമുറ താറുമാറാക്കിയേക്കാം."

എല്ലാം സംഭാവ്യമാണ് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ മാർക്സിന്റെ പ്രവചനങ്ങളെല്ലാംതന്നെ ശരിയായി ഭവിക്കാം എന്നു ചൂണ്ടിക്കാണിക്കുന്നത് പ്രസക്തമാണ്. പത്തൊമ്പതാം ശതകത്തിലെ പുരോഗമനപരമായ ശുഭാപ്തിവിശ്വാസം ഒരു പ്രബലമായ രാഷ്ട്രീയശക്തിയാണ്; അതിന് പ്രവചനങ്ങളെ നിവർത്തിക്കാൻ കെല്പുണ്ട്. എന്നാൽ, അക്കാരണംകൊണ്ട്, ശരിയായി ഭവിച്ച ഒരു പ്രവചനം സിദ്ധാന്തത്തെ സാധൂകരിക്കുന്നുവെന്നോ അതിന്റെ ശാസ്ത്രീയവശത്തിന് പിൻബലം നൽകുന്നുവെന്നോ എളുപ്പത്തിൽ സമ്മതിക്കാൻ തുനിയരുത്. ഒരുപക്ഷെ, അന്ധമായ വിശ്വാസവും അത് നമ്മുടെ ഭാവനയിൽ ചെലുത്തുന്ന സ്വാധീനവുംകൊണ്ടാവം പ്രവചനം ശരിയായിത്തീരുന്നത്. പ്രത്യേകിച്ചും മാർക്സിസത്തിന്റെ കാര്യത്തിൽ ഈ മതാത്മകത സ്പഷ്ടമാണ്. മാർക്സിന്റെ പ്രവചനങ്ങൾ തൊഴിലാളികൾക്ക് അവരുടെ നിസ്സഹായാവസ്ഥയിൽ ഉത്തേജകമായിത്തീർന്നിട്ടുണ്ട്. അതവരുടെ മുന്നോട്ടുള്ള പ്രയാണത്തിന് കരുത്തു പകർന്നു. 1846 മുതൽ 1930 വരെയുള്ള സംഭവവികാസങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, മാർക്സ് സാമൂഹ്യ-സാങ്കേതികവിദ്യയിൽ ഗവേഷണം നിരുത്സാഹപ്പെടുത്തിയെന്ന ആകസ്മികമായ വസ്തുത നിലനിൽക്കുമ്പോഴും, അദ്ദേഹത്തിന്റെ പ്രവചനാത്മകമതത്തിന്റെ സ്വാധീനത്താൽ യൂറോപ്യൻ സാമൂഹ്യഘടന നോൺ-കളക്ടിവിസ്റ്റ് ((non-collectivist) രീതിയിലുള്ള സോഷ്യലിസമായി വികസിക്കുമായിരുന്നുവെന്നു കരുതാം. സാമൂഹ്യമായ എഞ്ചിനീയറിങ്ങിനു വേണ്ടിയും സ്വാതന്ത്ര്യത്തിനുതകുന്ന ആസൂത്രണത്തിനു വേണ്ടിയും ഉള്ള റഷ്യൻ മാർക്സിസ്റ്റുകളുടെയും മധ്യയൂറോപ്പിലുള്ളവരുടെയും അടിസ്ഥാനപരമായ മുന്നൊരുക്കങ്ങൾ തുറന്ന സമൂഹത്തിന്റെ വക്താക്കളെ മുഴുവൻ ബോധ്യപ്പെടുത്തുന്ന രീതിയിൽ വിജയിക്കുമായിരുന്നു. എന്നാൽ, അതും ശാസ്ത്രീയമായ പ്രവചനത്തിന്റെ വിജയമാവുമായിരുന്നില്ല. മറിച്ച്, മതപരമായ ഒരു നീക്കത്തിന്റെ വിജയമായേ അതിനെയും കണക്കാക്കാനാവൂ. അതായത്, മാനുഷികാദർശത്തിലുള്ള വിശ്വാസം ലോകത്തെ മാറ്റാനായി വിനിയോഗിക്കപ്പെടുന്ന വിമർശനാത്മക യുക്തിബോധവുമായി സമ്മേളിക്കുന്നതിന്റെ ഫലമായുണ്ടാവുന്ന വിജയമായി.

പക്ഷെ, സംഭവങ്ങളുടെ വികാസഗതി വ്യത്യസ്തമായിരുന്നു. മാർക്സിന്റെ മേൽപ്പറഞ്ഞ പ്രവചനാത്മകതയാണ് പിൻഗാമികളിൽ മേൽക്കൈ നേടിയത്. സൗമ്യവും വിമർശനാത്മകവുമായ നിർണ്ണയങ്ങളെ നിർവീര്യമാക്കിക്കൊണ്ടും, യുക്തിചിന്തയിലൂടെ ലോകത്തെ മാറ്റിയെടുക്കാം എന്ന വിശ്വാസത്തെ തകർത്തുകൊണ്ടും, അത് മറ്റെല്ലാറ്റിനെയും വശങ്ങളിലേക്ക് വകഞ്ഞുമാറ്റി. പിന്നീട് മാർക്സിന്റെ പാഠത്തിൽ ആകെ അവശേഷിച്ചത് ഹേഗലിന്റെ പ്രവചനാത്മകദർശനം മാത്രമാണ്; അത് മാർ

ക്സിസ്റ്റ് കെണിയിൽപ്പെട്ട് തുറന്ന സമൂഹത്തിനുവേണ്ടിയുള്ള സമര ങ്ങളെ തളർത്തുന്ന ഭീഷണിയായി നിലനിന്നു.

കുറിപ്പുകൾ

1. 17-ാം അദ്ധ്യായവും അതിലെ 22-ാം കുറിപ്പും, 18-ാം അദ്ധ്യായവും അതിലെ 9-ാം കുറിപ്പും.
2. ഹാൻഡ് ബുക്ക് ഓഫ് മാർക്സിസം (ed) E. Burns (1935) p.527 (*ദാസ് ക്യാപി റ്റൽ*, vo1.3/1, 242)
3. *ആന്റി-ഡ്യൂറിങ്ങിൽ* (Anti-During) ഏംഗൽസ് പറയുന്നുണ്ട് ഫൂറിയർ (Fourier) വളരെപ്പണ്ടുതന്നെ മുതലാളിത്ത വ്യവസ്ഥിതിയിൽ അധിഷ്ഠിതമായ ഉത്പാദ നരീതിയുടെ 'വിഷമ വൃത്തം' vitious circle of the capitalist mode of production കണ്ടിരുന്നുവെന്ന്; ഹാൻഡ് ബുക്ക് ഓഫ് മാർക്സിസം p.287
4. ഉദാഹരണത്തിന്, *പാർക്സ്: മാർക്സിസം - ഒരു പോസ്റ്റ്മോർട്ടം*, pp.102.ff
5. ഈ പ്രശ്നം ഞാൻ ഒരു തുറന്ന ചോദ്യമായി വിടുന്നു.
6. എന്റെ സഹപ്രവർത്തകൻ പ്രൊഫ. സി. ജി. എഫ്. സിംകിൻ ഇക്കാര്യം ചർച്ച കളിൽ എടുത്തു പറയുന്നുണ്ട്.
7. 14-ാം അദ്ധ്യായവും അതിലെ ഒന്നാം കുറിപ്പും, 17-ാം അദ്ധ്യായവും അതിലെ 17-ാം കുറിപ്പും കാണുക.
8. എച്ച്. എ. എൽ. ഫിഷറിന്റെ *യൂറോപ്പിന്റെ ചരിത്രം* ((History of Europe 1935) കാ ണുക. ആമുഖം (vol.1 p.vii25-ാം അദ്ധ്യായത്തിന്റെ 27-ാം കുറിപ്പ് ഈ ഖണ് ഡിക ഉദ്ധരിക്കുന്നു.

# മാർക്സ് വായനകൾ

എഡിറ്റർ
**ടി. വി. മധു**

ഉൾച്ചിത്രങ്ങൾ
കെ. കെ. മുഹമ്മദ്

beyond time
and space

**റാസ്ബെറി ബുക്സ്**
വില: ₹950

beyond time
and space

raspberry books
©
all rights reserved
including the right of reproduction
in whole or in part in any form

language:
malayalam (indian)
title:
marx vayanakal
(philosophy & political theory)
author:
t. v. madhu (ed.)
cover painting, inner images
& cover design:
k. k. muhamed
type setting:
prajisha raspberry
lay-out:
manoharan appletalk
printing:
print arts calicut
rate: ₹950
first edition:
may 2015
isbn : 978-81-927822-9-4

raspberry books
manuelsons complex
muthalakkulam, calicut - 673 001
ph: +91-495-4050559
+91-8136801831
e-mail: info.raspberry@gmail.com
www.facebook.com/raspberrybooks
web: www.raspberrybooks.in